മി. സ്പീക്കർ: എല്ലാവർക്കും കേരളപ്പിറവി ആശംസകൾ. ഓർഡർ...ഓർഡർ... ചോദ്യം നം. * 391

ഭാരത് മാല പദ്ധതിയിലുൾപ്പെടുത്തിയ സംസ്ഥാനത്തെ റോഡുകൾ

(*391) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ:

(എ ) ഭാരത് മാല പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഈ പദ്ധതിയിലുൾപ്പെടുത്തിയ റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ടം പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലാണോയെന്ന് വ്യക്തമാക്കാമോ; ആഗോള ടെൻഡർ

നടപടികളിലൂടെയാണോ ഇതിന്റെ കരാറുകാരെ കണ്ടെത്തുന്നതെന്ന് അറിയിക്കാമോ;

(സി)ഈ പദ്ധതിയിലൂടെ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉറപ്പാക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) ഉണ്ട്. NH 66-ന്റെ വീതി കൂട്ടൽ 17 പദ്ധതികളായാണ് നടപ്പിലാക്കുന്നത്. അതിൽ പാലോളി, മൂരാട് പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 9 പദ്ധതികൾ അവാർഡ് ചെയ്തു, 2 എണ്ണത്തിന് LoA നൽകി, 4 എണ്ണത്തിന് ടെണ്ടർ ക്ഷണിച്ചു, 1 എണ്ണത്തിന്റെ DPR പുരോഗമിക്കുന്നു. മാത്രമല്ല ദേശീയപാത അതോറിറ്റിയുടെ 11 Port connectivity പദ്ധതികളുടെ DPR പുരോഗമിക്കുന്നു. കൂടാതെ NH 966, NH 85, NH 544-ന്റെ രണ്ട് സ്ട്രെച്ചുകൾ, NH 183 & SH-1, NH 744 എന്നീ പദ്ധതികളുടെയും കുട്ട - മലപ്പുറം ദേശീയപാതയുടേയും DPR പുരോഗമിക്കുന്നു.

പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ ദേശീയപാത വികസനം ദേശീയപാത അതോറിറ്റിയാണ് നടത്തുന്നത്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 75%-വും നിർമ്മാണത്തിനാവശ്യമായ തുകയും ദേശീയപാത അതോറിറ്റിയാണ് വഹിക്കുന്നത്. ദേശീയപാത 66-ന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കാനാവശ്യമായ തുകയുടെ 25 % സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. ഇതുസംബന്ധിച്ച് ദേശീയപാത അതോറിറ്റി, കിഫ്ബി, സംസ്ഥാന ഗവൺമെന്റ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വച്ചിട്ടുണ്ട്. ഇതുവരെ ഈ ഇനത്തിൽ 40,84,63,00,871/- രൂപ നൽകിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ടതിനെത്തുടർന്ന് NH 85, കോഴിക്കോട്-പാലക്കാട്, തിരുവനന്തപുരം-അങ്കമാലി എന്നീ 3 ഗ്രീൻഫീൽഡ് പാതകളുടെയും സ്ഥലമേറ്റെടുക്കാനാവശ്യമായ തുകയുടെ 25% നൽകാമെന്ന് സംസ്ഥാന സർക്കാർ സമ്മതിച്ചിട്ടുണ്ട്. NH 744, മൈസൂർ മലപ്പുറം Economic Corridor, NH 544-ന്റെ രണ്ട് സ്ട്രെച്ചുകൾ, എന്നീ പദ്ധതികൾക്ക് സ്ഥലമേറ്റെടുപ്പിന്റെ 25% വഹിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭാരത്മാല പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണം, ടെണ്ടർ നടപടികളടക്കം പൂർണ്ണമായും ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിലാണ്.

(ഡി) റോഡുകളുടെ നിർമ്മാണം IRC മാനദണ്ഡങ്ങൾ, MoRTH സ്പെസിഫിക്കേഷനുകൾ, കരാർ മാനദണ്ഡങ്ങൾ എന്നിവ പാലിച്ചാണ് നടപ്പിലാക്കുന്നതെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, ഭാരത് മാല പദ്ധതി പ്രകാരം പുനർനിർമ്മിക്കുന്ന ദേശിയപാതയിലേയ്ക്ക് എത്തുന്ന പ്രധാന പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അത് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജൂലൈ 14-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദില്ലിയിലെത്തി കേന്ദ്രമന്ത്രി നിഥിൻ ഗഡ്കരിയുമായി നടത്തിയ ചർച്ചയിൽ ഭാരത് മാല രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 12 റോഡുകൾകൂടി നവീകരിക്കുവാൻ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. അതിലെ ഓരോ റോഡുകളെയും വിശദാംശം വായിക്കുന്നില്ല. ഇതിൽ ചൊവ്വ-കുട്ടപ്പുഴ-മൈസൂർ റോഡിനെ ദേശീയപാതയായി പ്രഖ്യാപിക്കാനുള്ള നടപടിക്രമങ്ങൾ

ആരംഭിക്കുവാൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. 27-10-2021-ന് മന്ത്രിയെന്ന നിലയ്ക്ക് കേന്ദ്രമന്ത്രിയുമായി ദില്ലിയിൽ പോയി ഇക്കാര്യം സംസാരിച്ചിരുന്നു. ഇക്കാര്യത്തിൽ അനുകൂലമായ സമീപനമാണ് കേന്ദ്രമന്ത്രിയിൽ നിന്നുമുണ്ടായിട്ടുള്ളത്. ചൊവ്വ-കുട്ടുപ്പുഴ-മൈസൂർ, വിജയപുരം-ഊന്നുകൽ, കൽപ്പറ്റ-മാനന്തവാടി ടൈറ്റാനിയം-ചവറ, ഇലവുങ്കൽ-ളാഹ, വിഴിഞ്ഞം സീ പോർട്ടിനെ കരമന കളിയിക്കാവിള റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് തിരുവനന്തപുരം-തെന്മല വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിലെ കേരളത്തിലുള്ള ഭാഗം ഹോസ്ദുർഗ്ഗ്, പാണത്തൂർ, മടിക്കേരി റോഡിലെ കേരളത്തിലെ ഭാഗം ചെർക്കള, കല്ലഡുക്ക കേരള ഭാഗം കായംകുളം, തിരുവല്ല, ആലപ്പുഴ, ചങ്ങനാശ്ശേരി, വാഴൂർ 14-ാം മൈൽ എന്നീ റോഡുകൾക്കാണ് തത്വത്തിൽ അനുമതി നൽകിയതായി അറിയിച്ചിട്ടുള്ളത്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഭാരത്മാല പരിയോജന പദ്ധതിയിൽ ഇനി പുതിയ റോഡുകൾ ഉൾപ്പെടുത്താൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ കുമരകം-നെടുമ്പാശ്ശേരി റോഡ് കോട്ടയം പിറവം വഴിയാണ് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കുമരകത്തിൽ നിന്ന് നെടുമ്പാശ്ശേരിയിലേയ്ക്ക് ഏറ്റവും എളുപ്പമുള്ള മാർഗ്ഗമെന്ന നിലയിൽ കുമരകം, വൈക്കം, പൂത്തോട്ട, സീപോർട്ട്

എയർപോർട്ട് റോഡുകൂടി ആ ഒരു അലൈൻമെന്റ് കൂടി പരിഗണിക്കാൻ സാധ്യതയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുസംബന്ധിച്ച് എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെയുള്ള 80 കി. മീ റോഡ് ഈ ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. അതിന്റെ അലൈൻമെന്റ് ഏത് പ്രദേശം വഴിയാണ്, പൂർണ്ണമായി പൂർത്തിയായിട്ടുണ്ടോ; വിശദാംശം പറയാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിനുശേഷം വ്യക്തമായി അറിയിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ ദേശീയ പാതകളിൽ ഭൂരിഭാഗവും NHAI-ക്ക് കൈമാറിയിട്ടുള്ള സാഹചര്യമാണ് നിലവിലുള്ളത്. അതിനെത്തുടർന്ന് ദേശീയ പാതയിലെ അറ്റകുറ്റപ്പണികൾ നടക്കാതായിട്ട് ഏറെക്കാലമായി. ആ സാഹചര്യത്തിൽ ഇത്തരം റോഡുകളുടെ കാര്യത്തിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നമുക്ക് സ്വീകരിക്കാൻ

കഴിയുന്ന മാർഗ്ഗമെന്താണ്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. നേരത്തെ ശ്രദ്ധക്ഷണിക്കലിലൂടെ ഇത് വളരെ വിശദമായി സഭ ചർച്ച ചെയ്തതാണ്. പ്രധാനമായി ഈ പ്രശ്നം ബാധിക്കുന്നത് ആലപ്പുഴ ജില്ലയിലെ റോഡുകളെയാണ്. കേരളത്തിലെ ഏറ്റവും അധികം ദേശീയ പാത റോഡുകളുള്ള ജില്ലയും ആലപ്പുഴയാണ്. 27-10-2021-ന് കേന്ദ്ര മന്ത്രിയുമായി ചർച്ചനടത്തിയ സന്ദർഭത്തിൽ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദേശീയ പാത അതോറിറ്റിയുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രിയുമായുള്ള ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രത്യേക നിവേദനവും നൽകിയിട്ടുണ്ട്. കിലോമീറ്ററിന് നിശ്ചിത നിരക്ക് കണക്കാക്കി അറ്റകുറ്റപ്പണിക്ക് നിശ്ചിത ഫണ്ട് വകയിരുത്തി നൽകണമെന്നാണ് കേന്ദ്രമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുള്ളത്. അത് പരിശോധിക്കാമെന്ന ഉറപ്പ് അദ്ദേഹം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അറ്റകുറ്റപ്പണി സംബന്ധിച്ച് ദേശീയ പാതാ അതോറിറ്റി ഉദ്യോഗസ്ഥരുമായി ആലപ്പുഴ കളക്ടറേറ്റിൽ ചേർന്ന പ്രത്യേക യോഗം

വിളിച്ചിരുന്നു. ആ യോഗത്തിൽ ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. എച്ച്. സലാം എന്നിവർ പങ്കെടുത്തിരുന്നു. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീമതി യു. പ്രതിഭയും ഞാനുമായി ചർച്ച ചെയ്തതിന്റെ ഭാഗമായി എല്ലാ രണ്ടുമാസത്തിലൊരിക്കലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും പൊതുമരാമത്ത് വകുപ്പും തമ്മിൽ കേരളത്തിലെ എല്ലാ NHAI റോഡുകളെ കുറിച്ചുള്ള ചർച്ചകൾ നടത്തി അതത് ഘട്ടത്തിൽ പരിഹരിച്ച് പോകണമെന്നാണ് ആലോചിച്ചിട്ടുള്ളത്. നിലവിൽ മാസത്തിലൊരിക്കൽ കളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് കൺവീനറുമായിട്ടുള്ള ഡിസ്ട്രിക്റ്റ് ഇൻഫ്രാ സ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റിയും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതൊരു പ്രധാന വിഷയമാണ്. നമ്മൾ മുമ്പോട്ടുവച്ചിട്ടുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാൽ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കും.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ഭാരത്മാല പദ്ധതിയിൽ തീരദേശ റോഡുകൾക്ക് പ്രത്യേക പരിഗണന നൽകാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് നേരത്തെ പറഞ്ഞതാണ്.

പോർട്ട് വികസനവുമായി ബന്ധപ്പെട്ട് ചില പദ്ധതികളെക്കുറിച്ച് പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് 11 റോഡുകളുടെ വികസനമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. അഴീക്കൽ-എൻ.എച്ച്. ബൈപ്പാസ്, അഴീക്കൽ-പുതുവളപ്പ്, പയ്യാമ്പലം-അഴീക്കൽ വരെ ബേപ്പൂരിലെ പുഴയോര റോഡ്, മധുര ബസ്സാർ-ചുള്ളിക്കാട് വരെ ബേപ്പൂർ മലാപ്പറമ്പ്, പായൽക്കുളങ്ങര മുതൽ ആലപ്പഴ, സ്റ്റേറ്റ് ഹൈവേ മുതൽ ആലപ്പുഴ, വൈപ്പിൻ മുതൽ മത്സ്യഫെഡ് വരെ കൊല്ലം പോർട്ടിലേയ്ക്കുള്ള റോഡ് വികസനം എന്നിവയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ് അവിടെപ്പോയി സംസാരിച്ച ഘട്ടത്തിൽ ബോധ്യപ്പെട്ടിട്ടുള്ളത്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കികൊണ്ടിരിക്കുകയാണ്. അത് വേഗത്തിൽ നൽകിയാൽ പരിശോധിച്ച് ഉടൻ അംഗീകാരം നൽകാമെന്ന് കഴിഞ്ഞ കൂടിക്കാഴ്ചയിൽ കേന്ദ്രമന്ത്രി അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ദേശീയ പാതയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ നമുക്ക് സ്വാഗതാർഹമാണ്. പക്ഷേ കേരളത്തിലെ ഗ്രാമീണ റോഡുകൾ തകർന്ന അവസ്ഥയിലാണ്. 2018-19-ലെ വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ

പുനർനിർമ്മിക്കാത്ത ഒരുപാടു സ്ഥലങ്ങൾ ബാക്കിയുണ്ട്. പലപ്പോഴും പഞ്ചായത്ത് അധികൃതർക്ക് അതിനുള്ള പണമില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന രണ്ട് റോഡുകളുടെ ഉദ്ഘാടനത്തിനു പോയപ്പോൾ പഞ്ചായത്ത് മെമ്പർമാർ പറഞ്ഞത് റോഡ് നിർമ്മാണത്തിനു ഒരു വർഷം ലഭിക്കുന്നത് ആകെ മൂന്നു ലക്ഷം രൂപയാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ട് ഇത്തവണ ആരോഗ്യ കാര്യത്തിലേയ്ക്കു മാറ്റിയതുകൊണ്ട് എം.എൽ.എ. മാർക്ക് ഫണ്ട് അനുവദിക്കാൻ സാധിക്കുന്നില്ല. ഗ്രാമീണ റോഡുകൾ മഴസമയത്ത് തകരുകയും ഫ്ളഡ്-ൽ മെയിന്റനൻസ് കിട്ടുന്നത് ചെറിയ തുകയുമായതിനാൽ, ബഹു. മന്ത്രിയോട് വിനീതമായ അഭ്യർത്ഥന ഗ്രാമീണ റോഡുകൾക്ക് ഒരു വാർഡിൽ ഒരു റോഡ് എന്ന നിലയിൽ വൺ ടൈം മെയിന്റനൻസിനുള്ള ഫണ്ട് അനുവദിക്കുന്നതിന് ടൂറിസം, മരാമത്ത് വകുപ്പുമന്ത്രിയായ അങ്ങ് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടി പ്രശ്നം പല എം.എൽ.എ. മാരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിലവിൽ എൽ.എസ്.ജി.ഡി. തദ്ദേശ സ്വയംഭരണ സ്ഥാപന റോഡുകൾ ഏറ്റെടുക്കുവാൻ വേണ്ടി ആലോചിച്ചിട്ടില്ല.

ഏതെങ്കിലും ഒരു സ്ഥലം പ്രത്യേകമായി ഏറ്റെടുക്കാനും പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. പൊതുവായി തീരുമാനിക്കേണ്ട വിഷയങ്ങളാണ്. നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹു. മന്ത്രി ഇവിടെ സൂചിപ്പിച്ച കണ്ണൂർ, മേലെചൊവ്വ, ഊട്ടുപുര, മൈസൂർ റോഡുകളെ ദേശീയ പാതയായി പ്രഖ്യാപിച്ചുയെന്ന്. അതിന്റെ പ്രവർത്തനം അതിവേഗതയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ തലശ്ശേരി കൂർഗ് റോഡ് ബ്രിട്ടീഷ് കാലത്തെ പ്രധാനപ്പെട്ട പൈതൃക നഗരിയാണ് തലശ്ശേരി. തലശ്ശേരി കൂർഗ് റോഡ്, തലശ്ശേരി പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായി മാറികൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ മൈസൂരിലെയും കൂർഗിലെയും നിരവധി ജനങ്ങൾ മലബാർ കാൻസർ സെന്റർ എന്ന അത്യാധുനിക ചികിത്സാ കേന്ദ്രത്തിലേക്ക് ചികിത്സയ്ക്കുവേണ്ടി വരുന്നുണ്ട്. ഇത്തരം ഒരു പശ്ചാത്തലത്തിൽ തലശ്ശേരി കൂർഗ് റോഡും ഊട്ടുപുഴ മേലെചൊവ്വ റോഡും തമ്മിൽ മെർജ് ചെയ്യുന്ന സ്ഥലം തലശ്ശേരി മട്ടന്നൂരാണ്. കേവലം 18 കി. മീ. മാത്രമാണ് ദൈർഘ്യം. ഈ 18 കി. മീ. കൂടി ദേശീയപാതയുടെ ഭാഗമാക്കാൻ ബഹു. മന്ത്രിയുടെ ഭാഗത്തുനിന്ന്

ഇടപെടലുകൾ ഉണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ പ്രശ്നം നേരത്തെ ചർച്ച ചെയ്തിരുന്നു. ശ്രീ. എ. എൻ. ഷംസീർ തന്നെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ബഹു. മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു. ന്യായമായ ആവശ്യമായതിനാൽ തലശ്ശേരിയുടെ ഹിസ്റ്റോറിക്കൽ ഇൻപോർട്ടൻസ്, ജിയോഗ്രഫിക്കൽ ഇമ്പോർട്ടൻസ് ഇതൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്രമന്ത്രിക്ക് 27.10.2021-ന് നിവേദനം നൽകുകയും ഗവൺമെന്റിന്റെ നിലപാട് അറിയിക്കുകയും ചെയ്തു. പോസിറ്റീവായ സമീപനമാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, മലയോരമേഖലയിൽക്കൂടി കടന്നു പോകുന്ന ഭാരത്മാല ഗ്രീൻ ഫീൽഡ് പദ്ധതിയെന്ന നിലയ്ക്ക് പ്രത്യേകതകൾ ഏറെയുണ്ട്. ഹൈവേ പൂർണമായും കൊമേഴ്സ്യൽ റെസിഡൻഷ്യൽ ഏരിയകൾ ഒഴിവാക്കിയാണ് നിർമ്മിക്കുന്നതെന്നാണ് അറിയിക്കപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ തയാറാക്കിയ പാലക്കാട്, കോഴിക്കോട് റൂട്ടിൽ അലൈൻമെന്റിൽ റസിഡൻഷ്യൽ ഏരിയകൾ ഏറെ ഉൾപ്പെട്ടതായി കാണുന്നു. അതൊഴിവാക്കുന്നതിന് അലൈൻമെന്റിൽ മാറ്റം

വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിക്കാവുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ഭാരത്മാല പദ്ധതിയുടെ ഭാഗമായിട്ട് നിലവിലുള്ള വെങ്കളം അയിരൂർ ദേശീയ പാത ആറുവരിയായിട്ട് വികസിപ്പിക്കുമ്പോൾ ജനങ്ങളുടെ ആവശ്യം മുൻനിർത്തി സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, നദീ പാലങ്ങളുടെ സർവ്വീസ് റോഡുകൾ എന്നിവ ചേരുന്ന ടൗണുകളിൽ അണ്ടർ പാസുകൾ അനുവദിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായിട്ട് ചർച്ച ചെയ്ത് ആവശ്യങ്ങൾ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിക്കാവുന്നതാണ്. പ്രധാന വിഷയം എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട് നിലവിൽ തൃശ്ശൂർ മുതൽ കാസർഗോഡുവരെയാണ് കാര്യമായി റോഡുകളുടെ വികസനം വരേണ്ടത്. പരമാവധി വികസനം വരാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. എല്ലാ ഡി.ഐ.സി.സി. മീറ്റിംഗുകളിലും ഇതുമായി

ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ഓരോ ദിവസവും മന്ത്രി പങ്കെടുത്തുകൊണ്ടുള്ള ആക്സിലറേറ്റ് പി.ഡബ്ല്യു.ഡി.-യെന്ന മേജർ പ്രോജക്ട് റിവ്യൂകളിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ഇത് എന്താണെന്ന് പരിശോധിച്ച് ബന്ധപ്പെട്ടവരെ അറിയിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മലപ്പുറം ജില്ലയിലെ നാട്ടുകാണി, പരപ്പനങ്ങാടി റോഡ് നിർമ്മാണത്തിന്റെ അനിശ്ചിതത്വം അവസാനിപ്പിക്കാൻ, ഒന്നുകിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അതിന് ആവശ്യമായ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുകയോ അതല്ലെങ്കിൽ നിലവിലുള്ള ഫണ്ട് അനുസരിച്ച് റോഡ് നല്ല നിലയിൽ പൂർത്തീകരിക്കുകയോ വേണം. ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും ടി വിഷയത്തിൽ നിവേദനം നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ ബഹു. മന്ത്രി മുൻഗണന നൽകണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ന്യായമായ വിഷയമാണ്. മലപ്പുറം ജില്ലയിലെ നിരവധി മണ്ഡലങ്ങളുമായി ബന്ധപ്പെട്ട പോകുന്ന പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. ആ നിലയിൽ തന്നെയാണ് ടി വിഷയം എടുത്തിരിക്കുന്നത്. ബഹു. എം.എൽ.എ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ഉൾപ്പെടെയുള്ള എം.എൽ.എ. മാരും അവിടെയുള്ള ബഹു. മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ടി വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി പ്രത്യേക യോഗം നമുക്ക് വിളിച്ചു ചേർക്കാവുന്നതാണ് എന്ന വിവരം സഭയെ അറിയിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ വേഗതയിൽത്തന്നെയാണ് നടന്നു വന്നിരിക്കുന്നത്. എന്നാൽ സ്ഥലമെടുപ്പ് പൂർത്തീകരിച്ച സ്ഥലത്തു നിന്നുള്ളവർക്ക് നഷ്ടപരിഹാര തുക കൊടുക്കുന്ന കാര്യത്തിൽ വളരെ കാലതാമസം സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ആലപ്പുഴ ജില്ലയിലെ ചിലഭാഗങ്ങളിലും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടി വിഷയം എൻ.എച്ച്.ഐ.-യുമായുള്ള യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതു പരിഹരിക്കാൻ പ്രത്യേക ഇടപെടൽ നടത്താമെന്ന് എൻ.എച്ച്.എ.ഐ.-യുടെ ഉത്തരവാദപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ആലപ്പുഴ- വാഴൂർ പതിന്നാലാം മൈൽ റോഡ് ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയതിനു ആദ്യമായി അഭിനന്ദനം അറിയിക്കുകയാണ്. കോട്ടയത്ത് നിന്നാരംഭിച്ച് കുമളിയിൽ എത്തുന്ന ദേശീയപാത 183 അത് ഐഡ ജംഗ്ഷൻ മുതൽ പത്തൊമ്പതാം മൈൽവരെ മാത്രമെ ഡി.പി.ആർ. തയാറാക്കിയിട്ടുള്ളൂ. പത്തൊമ്പതാം മൈൽ മുതൽ പിന്നീടുള്ളത് മുണ്ടക്കയം മുതൽ കുമളിവരെയാണ്. ഇതിനിടയിലുള്ള ഗ്യാപ് കാഞ്ഞിരപ്പള്ളി-പൊൻകുന്നം പ്രധാനപ്പെട്ട ടൗൺ ഉൾപ്പെടുന്ന മേഖല പൂർണമായും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഞാൻ ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പൂർണ്ണമായും ഭംഗിയാകണമെങ്കിൽ ഇതുകൂടി ഉൾപ്പെടുത്തണം. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നേരത്തെ ബഹു. എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കാവുന്നതാണ്.

ശ്രീമതി ദെലീമ: സർ, ചേർത്തല മുതൽ അരൂർവരെയുള്ള മിക്ക റോഡുകളും വെള്ളക്കെട്ടുമൂലം ബന്ധപ്പെട്ട് ഉപ്പുവെള്ളം കയറി പൊട്ടിപൊളിയുകയാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ പ്രത്യേക

പരിഗണന നൽകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ,വെള്ളക്കെട്ട് പ്രധാന പ്രശ്നമാണ്. നാഷണൽ ഹൈവേ ആയാലും മറ്റുള്ള റോഡുകളായാലും റോഡുകൾ നേരിടുന്ന പ്രധാന വിഷയം ഡ്രെയിനേജ് സിസ്റ്റത്തിലെ അപാകതയാണ്. അതു പരിഹരിക്കുക തന്നെ വേണം. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഡ്രെയിനേജുകളും മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട ഡ്രെയിനേജുകളുമുണ്ട്. എല്ലാം ഏകോപനത്തിലൂടെ പോകുവാനായി മറ്റുമന്ത്രിമാരുമായി ചർച്ച ചെയ്തിട്ടുണ്ട്. നമുക്ക് പ്രോപ്പർ ഡ്രെയിനേജ് സംവിധാനം തീർച്ചയായും റോഡുകൾ നല്ല നിലയിൽ നിലനിൽക്കാൻ ആവശ്യമാണ്. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകത നോക്കി തീർച്ചയായും ഭാവിയിൽ നമുക്ക് ആലോചിച്ചു പോകേണ്ടതാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഇന്നലെ പെരുമഴയത്ത് കരുനാഗപ്പള്ളി കന്നേറ്റി പാലത്തിൽ അപ്രോച്ച് റോഡിൽ വലിയ കുഴി രൂപപ്പെടുകയും ഏറെനേരം ദേശീയപാതയിലെ ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. വളരെ പഴക്കമുള്ള പാലത്തിന്റെ ബലക്ഷയം പരിശോധിച്ച് അനന്തര നടപടികൾ എടുക്കാൻ നിർദേശം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹു. അംഗം പറഞ്ഞ ടി വിഷയം അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹു. മന്ത്രി ചൊവ്വ, കുട്ടുപുഴ റോഡിന് അനുമതി ലഭിച്ച വിവരം ഇവിടെ പറഞ്ഞു. കണ്ണൂർ നഗരവുമായി ബന്ധപ്പെട്ട ഏറ്റവും തിരക്കുള്ള പ്രദേശവും വിമാനത്താവളത്തിലേക്ക് പോകുന്ന ജംങ്ഷനും കൂടിയാണ്. ബഹു. മന്ത്രി ഈ സ്ഥലം സന്ദർശിക്കുകയും അണ്ടർ പാസിന്റെ നിർദേശം വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കൊപ്പം  മുന്തിയ പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ ഏറ്റവും വലിയ ട്രാഫിക് ജാം നേരിടുന്ന ജില്ലാ കേന്ദ്രം കണ്ണൂരാണ്. അതു പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണ്. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും കോർപ്പറേഷനും ഉൾപ്പെടെ എല്ലാവരും ചേർന്ന് തീരുമാനമെടുക്കേണ്ട വിഷയമാണ്. പോസിറ്റീവായി

കാര്യങ്ങൾ പോകുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡുവരെ പരിശോധിച്ചു കഴിഞ്ഞാൽ ഏറ്റവുമധികം ട്രാഫിക് ജാം നിലനിൽക്കുന്ന ജില്ലകളിൽ ഒന്ന് കണ്ണൂരാണ്. കഴിഞ്ഞ ടേമിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സർക്കാർ കോഴിക്കോട് നഗരത്തിൽ ഇതേ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. തെക്കൻ ജില്ലകളെടുത്തു പരിശോധിച്ചു കഴിഞ്ഞാൽ ആലപ്പുഴയും കൊല്ലവും ഇങ്ങനെ പരിഹരിച്ചിട്ടുണ്ട്. ആ നിലയിൽ കണ്ണൂർ ജില്ലയിലെ പ്രശ്നവും പരിഹരിക്കേണ്ടത് കാലത്തിന്റെ ആവശ്യം തന്നെയായാണ് പൊതുമരാമത്ത് കാണുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, എൻ.എച്ച്. 183, ഐഡ ജംഗ്ഷനിൽ നിന്നാണ് കുമളിയിലേയ്ക്ക് പോകുന്നത്. മറ്റൊരു ഹൈവേ ഒരു കിലോമീറ്റർ അകലെയുള്ള മണിപ്പുഴ എന്ന സ്ഥലംവരെ വന്നുനിൽക്കുകയാണ്. ഇതിന്റെ മധ്യത്തിൽ കോടിമത എന്ന പ്രദേശമുണ്ട്. നേരത്തെ അത് കെ.എസ്.ടി.പി.-ക്ക് കൊടുത്തുവെന്നും പിന്നീടത് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തുവെന്നും പറയുന്നു. അവിടെ നാലഞ്ച് വർഷമായി ഒരു പാലത്തിന്റെ പണി ഭാഗികമായി നിർത്തിവച്ചിരിക്കുകയാണ്. അങ്ങ് പ്രത്യേക ശ്രദ്ധചെലുത്തി പ്രസ്തുത വർക്ക്

പൂർത്തീകരിക്കുന്നതിനും ഇടയ്ക്ക് വിട്ടുപോയിട്ടുള്ള ഭാഗം ഏതെങ്കിലും ദേശീയപാതയോട് ചേർക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പ്രശ്നം തീർച്ചയായും ചർച്ച ചെയ്യാം. അത് പരിഗണിക്കാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂരിൽനിന്ന് വടക്കോട്ടുള്ള യാത്രയിലെ പ്രധാനപ്പെട്ട റോഡാണ് തൃശ്ശൂർ-കുറ്റിപ്പുറം പാത. അതിൽ ഏറ്റവും ജനത്തിരക്കേറിയതും പലപ്പോഴും മണിക്കൂറോളം ഗതാഗതക്കുരുക്കുണ്ടാകുന്നതുമായ പ്രധാനപ്പെട്ട മേഖലയാണ് കേച്ചേരി ജംഗ്ഷൻ. വഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള അഞ്ചര കിലോമീറ്റർ വളരെ വീതികുറഞ്ഞ റോഡാണ്. ആ റോഡിന്റെ വികസനവും കേച്ചേരി ജംഗ്ഷന്റെ വികസനവും അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന പ്രശ്നമാണ്. ഇത് ഫോക്കസ് ചെയ്യപ്പെടേണ്ട പ്രശ്നമായിത്തന്നെ എൽ.ഡി.എഫ്. ഗവൺമെന്റ് കണ്ടിട്ടുണ്ട്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലും തൃശ്ശൂർ -

കുറ്റിപ്പുറം പാതയുടെ പ്രശ്നം പരിഹരിക്കപ്പെടണമെന്ന് പറഞ്ഞിട്ടുണ്ട്. തൃശ്ശൂരിൽനിന്നും കുറ്റിപ്പുറത്തേയ്ക്ക് വരുമ്പോൾ കേച്ചേരി, പെരുമ്പിലാവ് ജംഗ്ഷൻ, എടപ്പാൾ എന്നനിലയിൽ പരിശോധിക്കുമ്പോൾ ആ ഭാഗത്തെ പ്രധാന കേന്ദ്രങ്ങളിലെ ബ്ലോക്കുകൾ പരിഹരിക്കണം. അതിന്റെ ഭാഗമായി എടപ്പാൾ മേൽപ്പാലത്തിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് ഈ വർഷംതന്നെ ഉദ്ഘാടനം ചെയ്യുന്ന കാര്യംകൂടി അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. തൃശ്ശൂരിൽനിന്നും കുറ്റിപ്പുറം വരെയുള്ള ദേശീയപാതയിലെയും കേച്ചേരി ജംഗ്ഷന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് പോകേണ്ടതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് അങ്ങ് നടത്തുന്ന ചടുലമായ ഇടപെടലുകൾക്ക് അഭിനന്ദനം രേഖപ്പെടുത്തുന്നു. ഏറ്റവും കൂടുതൽ മോശമായി കിടക്കുന്ന ഹൈവേയുടെ ഭാഗം പ്രതിനിധാനം ചെയ്യുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. അക്കാര്യം അങ്ങേയ്ക്കറിയാം. അങ്ങ് നന്നായി ഇടപെട്ടിട്ടുണ്ട്. അതിൽ പറവൂർ മുതൽ കൊറ്റുകുളങ്ങര വരെയുള്ള വർക്ക് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിഞ്ഞു. കൊറ്റുകുളങ്ങര മുതൽ കരുനാഗപ്പള്ളി വരെയുള്ള ഭാഗം ഒരു

കമ്പനി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ വർക്ക് ആരംഭിക്കുന്നതിനുമുമ്പുതന്നെ ഏറ്റവുമധികം കുഴിയുള്ള ഭാഗം ആ കമ്പനിയെക്കൊണ്ട് ഓവർ ലേ ചെയ്യിക്കാൻ കഴിയുമോ? മഴ വന്നപ്പോൾ ഏറ്റവും കൂടുതൽ തകർന്ന പ്രദേശങ്ങൾ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കുക.

ശ്രീമതി യു. പ്രതിഭ: സർ, വളരെ പ്രാധാന്യമുള്ള കാര്യമാണിത്. കായംകുളം സൈഡിലൂടെ യാത്ര ചെയ്യുമ്പോൾ ഭയം തോന്നും. നിരന്തരമായി മഴയിൽപ്പെട്ട് ആ പ്രദേശം തകർന്നതെന്തുകൊണ്ടാണെന്ന് പരിശോധിച്ച് ആ വർക്ക് ചെയ്യിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയും ശ്രീമതി യു. പ്രതിഭയുമായി ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. മാരായ ശ്രീ. എച്ച്. സലാം, ശ്രീ. പി. പി. ചിത്തരഞ്ജൻ എന്നിവരുമായും ചർച്ച ചെയ്തിരുന്നു. ഇതിനൊരു ശാശ്വത പരിഹാരമാണ് വേണ്ടത്. ഈ പ്രശ്നം പാച്ച് വർക്കുകൊണ്ട് തീരില്ലെന്ന് എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഓവർ

ലേ തന്നെയാണ് അതിന് പരിഹാരം. എൻ.എച്ച്.എ.ഐ.-യെ സംബന്ധിച്ചിടത്തോളം ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഓവർ ലേ എന്നുള്ളത് അവർക്കൊരു വിഷയമായി മാറുകയാണ്. അത് പരിഹരിക്കപ്പെടണം. അതിനൊരു ശാശ്വത പരിഹാരത്തിന് കിലോമീറ്ററിന് നിശ്ചിത നിരക്ക് കണക്കാക്കി ഈ അറ്റകുറ്റപ്പണിക്ക് നിശ്ചിത ഫണ്ട് വകയിരുത്തുക എന്നുള്ളതാണ്. അഞ്ച് മാസത്തിനിടയിൽ ഈ സഭ നിരവധി തവണ ചർച്ച ചെയ്ത വിഷയമാണ്. ഹാൻഡ് ഓവറിംഗിനുശേഷം നമുക്ക് എൻ.എച്ച്.എ.ഐ.-യുടെ റോഡുകളിൽ നേരിട്ട് ഇടപെടാൻ കഴിയാത്ത പ്രശ്നമുണ്ട്. കഴിഞ്ഞമാസം 27-ാം തീയതി ഇക്കാര്യം കേന്ദ്രമന്ത്രിയുമായി ചർച്ച ചെയ്തതാണ്. പരിഹാരം കാണാമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയുടെ പ്രത്യേക പ്രശ്നവും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മേലാറ്റൂരിൽനിന്ന് പുലാമന്തോൾ വരെയുള്ള സംസ്ഥാനപാതയുടെ നിർമ്മാണ പ്രവൃത്തി ഇഴഞ്ഞ് നീങ്ങുന്ന അവസ്ഥയാണ്. ആയിരക്കണക്കിന് ആളുകൾ ദിവസേന യാത്ര ചെയ്യുന്ന ഈ റോഡിൽ ബഹുമാന്യനായ മന്ത്രിതന്നെ നേരിട്ട് പരിശോധന

നടത്തുകയും മൂന്ന് മാസത്തിനകം പെരിന്തൽമണ്ണ നഗരത്തിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കാമെന്ന് കരാറുകാർ ഉറപ്പ് നൽകുകയും ചെയ്തിരുന്നു. അതുകഴിഞ്ഞ് രണ്ടുമാസം കഴിഞ്ഞിട്ടും സ്ഥിതി അങ്ങനെതന്നെ തുടരുകയാണ്. ദിവസേന ധാരാളം അപകടങ്ങളുണ്ടാകുന്ന ഈ റോഡിന്റെ പ്രവൃത്തി, ചുരുങ്ങിയത് പെരിന്തൽമണ്ണ നഗരത്തിലെ പട്ടാമ്പി റോഡ് മുതൽ ചില്ലീസ് ജംഗ്ഷൻ വരെയുള്ള മൂന്ന് കിലോമീറ്റർ ദൂരത്തെ പ്രവൃത്തി പൂർത്തിയാക്കാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ പ്രശ്നം സബ്മിഷനായി വന്നപ്പോൾത്തന്നെ നേരിട്ട് അവിടം സന്ദർശിക്കാമെന്ന് സഭയിൽ പറഞ്ഞതിനെത്തുടർന്ന് തൊട്ടടുത്ത ദിവസംതന്നെ ഞാനവിടെ പോയിരുന്നു. ആ പ്രശ്നം പരിഹരിക്കാമെന്ന് മീറ്റിംഗിൽ ഉറപ്പുനൽകിയതാണ്. മഴ കഴിഞ്ഞാലുടനെ പ്രവൃത്തി ആരംഭിക്കാമെന്ന് ഉറപ്പുനൽകിയതാണ്. പക്ഷേ കാലാവസ്ഥ ആ നിലയിൽത്തന്നെ പോകുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം വിഷയങ്ങൾ പരിഹരിക്കാൻ ഒരു വർക്കിംഗ് കലണ്ടർ അനിവാര്യമാണ്. വർക്കിംഗ് കലണ്ടർ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള മറ്റ്കാര്യങ്ങൾ, മഴക്കാലത്തും അല്ലാത്ത

സമയങ്ങളിലും പ്രവൃത്തി നടക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പ്രതിപക്ഷനേതാവിനോടും കക്ഷിനേതാക്കളോടുമൊക്കെ സംസാരിച്ചതാണ്. ഭാവിയിൽ ഇത്തരം വിഷയങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കേരളത്തിന് ഒരു വർക്കിംഗ് കലണ്ടർ എന്നുള്ള കാഴ്ചപ്പാട് കരാറുകാരുടെ യോഗത്തിലും വച്ചിരുന്നു. ബഹുമാനപ്പെട്ട മോൻസ് ജോസഫ്, എം.എൽ.എ. ഉൾപ്പെടെ ആ യോഗത്തിലുണ്ടായിരുന്നു. രണ്ട് കയ്യും നീട്ടിയാണ് കരാറുകാറുൾപ്പെടെ ഈ വിഷയം സ്വീകരിച്ചിട്ടുള്ളത്. ഭാവിയിൽ, കാലാവസ്ഥയ്ക്കനുസരിച്ച് വർക്കിംഗ് കലണ്ടർ വച്ചുകൊണ്ട് കേരളത്തിലെ റോഡുകളുടെ പ്രവൃത്തി എന്നുള്ള കാഴ്ചപ്പാടുമായി മുന്നോട്ടുപോകാൻ കഴിയും. ഈ വിഷയം സംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ദേശീയപാത 766 (പഴയ ദേശീയപാത 212) -ന്റെ വികസന പ്രവർത്തനങ്ങളും സ്ഥലമെടുപ്പും സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി; മലാപ്പറമ്പ് വരെ സ്ഥലമെടുത്ത ഭാഗം ടാർ ചെയ്തെങ്കിലും വാഹനം നിർത്തിയിടാനുള്ള സൗകര്യമുണ്ടാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതിൽ കാലതാമസം വന്ന

ഭാഗമാണിത്. 2018-ൽ തന്നെ രാമനാട്ടുകര മുതൽ വെങ്ങളം വരെയുള്ള റോഡിന്റെ കാര്യങ്ങൾ മുന്നോട്ടുപോയതാണ്. പക്ഷേ കൺസഷണറുടെ ചില രീതികൾ കാരണം അത് സാധിച്ചില്ല. വീണ്ടും അത് വിഷയമായതിനെത്തുടർന്ന് അത് നടപ്പിലാകാതെ പോയി. ഈ സർക്കാൻ വന്നയുടൻതന്നെ പ്രഥമ പരിഗണനയാണ് ഈ വിഷയത്തിൽ നൽകിയത്. ഇതുമായി ബന്ധപ്പെട്ട് ചേർന്ന നാല് യോഗങ്ങളിൽ മന്ത്രിയെന്ന നിലയിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാര്യങ്ങൾ പരിശോധിക്കാനായി ഒരു ഐ.എ.എസ്.ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. വർക്ക് കൃത്യമായി ചെയ്തുപോകാത്ത നേരത്തെയുള്ള കരാർ കമ്പനിക്കുതന്നെയാണ് കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ. വീണ്ടും ഇതിന്റെ വർക്ക് നൽകിയിട്ടുള്ളതെന്ന പ്രശ്നമുണ്ട്. ഇപ്പോൾ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇവിടെ ഉന്നയിച്ച വിഷയം ഉൾപ്പെടെ പരിഹരിക്കാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കഴിഞ്ഞ മാസം 16-ാം തീയതിയിലെ പ്രളയക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ

പൊതുമരാമത്ത് റോഡുകളും പാലങ്ങളും വ്യാപകമായി തകർന്നു. പ്രത്യേകിച്ച്, കാഞ്ഞിരപ്പള്ളി - എരുമേലി പാതയിലെ 26-ാം മൈൽ പാലം ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. വലിയ ഗതാഗത തിരക്കുള്ള ശബരിമല പാതയാണിത്. ഇതടക്കം 9 പാലങ്ങളാണ് തകർന്നിട്ടുള്ളത്. ഇത്തരം പാലങ്ങളും റോഡുകളും പുനരുദ്ധരിക്കാൻ അടിയന്തര നടപടിയുണ്ടാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് പ്രധാന വിഷയമാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. പക്ഷേ ഇതൊരു ഒറ്റപ്പെട്ട വിഷയമല്ലെന്ന് നമുക്കറിയാം. നിരവധി സ്ഥലങ്ങളിൽ പാലങ്ങളും റോഡുകളും തകർന്നിട്ടുണ്ട്. അതിന്റെ പ്രാഥമിക കണക്കെടുപ്പ് മാത്രമാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. പാലങ്ങളും റോഡുകളും തകർന്നതിന്റെ ഭാഗമായി 202 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിന്റെ പൂർണ്ണ കണക്കെടുത്തുകൊണ്ട് പെട്ടെന്നുതന്നെ ഇവ പരിഹരിച്ച് പോകാവുന്നതാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, പുതിയതും പഴയതുമായ നാഷണൽ ഹൈവേകളുടെയും പൊതുമരാമത്ത് റോഡുകളുടെയും ഇരുവശങ്ങളിലുമായി കയ്യേറ്റങ്ങൾ നടക്കുകയാണ്. റോഡരുകിൽ ഷെഡ്ഡുകൾ കെട്ടി കച്ചവടം

നടത്തുന്ന ധാരാളം ആളുകളുണ്ട്. ഈ കയ്യേറ്റങ്ങൾമൂലം കാൽനടക്കാർക്കും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും സാധിക്കാത്ത സാഹചര്യങ്ങളുണ്ട്. ഇത് ധാരാളം അപകടങ്ങൾ വിളിച്ചോതുന്ന സാഹചര്യമാണുണ്ടാകുന്നത്. അതുകൊണ്ട് അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇതൊരു പ്രധാന പ്രശ്നമാണ്. ഇതിലൊന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം എന്നുള്ളതാണ്. രണ്ട്, അങ്ങനെ ഒഴിപ്പിച്ച സ്ഥലങ്ങളിൽ നല്ല നിലയിൽ ക്രിയാത്മകമായ ധാരാളം കാര്യങ്ങൾ ചെയ്യാനാകും. കയ്യേറ്റങ്ങൾ പല രീതികളിലുണ്ട്. ഇപ്പോൾ ഇവിടെ പറഞ്ഞ രീതിയിലുള്ളതും വൻകിട കയ്യേറ്റങ്ങളുമുണ്ട്. പോലീസ് കേസുമായി ബന്ധപ്പെട്ട് കേസിന്റെ കാലാവധി നീണ്ടുപോകുന്നതിന്റെ ഭാഗമായി റോഡുകളിൽ വാഹനങ്ങൾ നിർത്തിയിടുന്ന പ്രശ്നമുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ് മേധാവികളും ഈ വിഷയം പരിഹരിക്കണമെന്ന നിലപാടാണ് എടുത്തുവരുന്നത്. ഈ വാഹനങ്ങൾ എങ്ങോട്ട് മാറ്റുമെന്നുള്ളതും കേസുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളുമൊക്കെ നിലനിൽക്കുന്നുണ്ട്. കയ്യേറ്റങ്ങളുടെ

കാര്യത്തിൽ എല്ലായിടത്തും സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിന്റെ റിപ്പോർട്ട് നൽകാൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നവംബർ മാസത്തിൽ ആ റിപ്പോർട്ട് വച്ച് ചർച്ച ചെയ്തുകൊണ്ട് ബാക്കി കാര്യങ്ങൾ ആലോചിക്കും.

## രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

(*392) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തേയ്ക്കുള്ള ടൂറിസ്റ്റ് വിസ പുന:സ്ഥാപിച്ച പശ്ചാത്തലത്തിൽ രാജ്യാന്തര വിനോദസഞ്ചാരികൾ 2021 നവംബർ രണ്ടാം വാരത്തോടെ സംസ്ഥാനത്തേയ്ക്കെത്തുന്ന സാഹചര്യം പരിഗണിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ബി) രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യ ടൂറിസം മേഖലയുടെ വികസനവും പ്രചരണവും മുൻനിർത്തി കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ

രാജ്യാന്തര ടൂറിസ്റ്റുകൾ കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് നിർത്തിവച്ചിരുന്ന ടൂറിസ്റ്റ് വിസ പുനഃസ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലേയ്ക്കെത്തുന്ന രാജ്യാന്തര വിനോദസഞ്ചാരികളെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കമാണ് ടൂറിസം വകുപ്പ് നടത്തിയിട്ടുള്ളത്. കോവിഡ് ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചിട്ടുള്ളത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ നൂറ് ശതമാനം വാക്സിനേറ്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രത്യേക വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട്ടിലെ വൈത്തിരിയിലാണ് ഇത് തുടങ്ങിയത്. വയനാട് ജില്ല നൂറ് ശതമാനം ആദ്യ ഡോസ് നൽകുന്ന ജില്ലയായി മാറി. ഇതനുസരിച്ച് വിനോദസഞ്ചാരികളോട്

ഇടപെടുന്ന ടൂറിസം മേഖലയിലെ ഭൂരിഭാഗം ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെല്ലാംതന്നെ ഒരു ബയോ ബബിൾ സുരക്ഷാവലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാനും കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ബയോബബിൾ പൊതുവെ സ്വീകരിച്ചു. വാക്സിനേറ്റ് ചെയ്യപ്പെട്ട സഞ്ചാരിയും വാഹനം ഓടിക്കുന്ന ഡ്രൈവറും വാക്സിനേറ്റ് ചെയ്യപ്പെട്ട ജീവനക്കാരുള്ള ഡെസ്റ്റിനേഷനിലെത്തുന്ന സംവിധാനം. പിന്നീട് മറ്റിടങ്ങളിലും അത് മാതൃകയാക്കി നടപ്പിലാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ രംഗം മുതൽ മുടങ്ങിയിരിക്കുന്ന സംരംഭകരെയും തൊഴിലാളികളേയും സഹായിക്കാൻ നടപ്പാക്കിയ വായ്പാ പദ്ധതിയും ഹൗസ് ബോട്ടുകൾക്കുള്ള ഒറ്റത്തവണ മെയിന്റനൻസ് ഗ്രാന്റും ഇപ്പോഴും തുടർന്നുവരുന്നു. അംഗീകൃത ടൂറിസം ഗൈഡുകൾക്ക് 10,000 രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുകയുണ്ടായി. ഇതോടൊപ്പം ഇപ്പോഴും പ്രയാസം അനുഭവിക്കുന്ന ടൂറിസം മേഖലയിൽ ജോലിചെയ്യുന്ന

തൊഴിലാളികളെ സഹായിക്കാൻ പലിശരഹിതമായ ഒരു റിവോൾവിംഗ് ഫണ്ട് പദ്ധതിക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കോവിഡിനുശേഷം സംസ്ഥാനത്തെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയാണ് കാണുന്നത്. ആയുർവ്വേദത്തിന് കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. എന്നാൽ കോവിഡാനന്തര കാലഘട്ടത്തിൽ ആയുർവ്വേദ ചികിത്സകൂടി ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനത്തേയ്ക്ക് മുൻകാലത്തേക്കാൾ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്നാണ് കരുതുന്നത്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം നടക്കുന്ന WTM-ലണ്ടൻ എന്ന അന്താരാഷ്ട്ര ടൂറിസം മേളയിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചിക്കുന്നതാണ്. കേന്ദ്രമന്ത്രിയുമായി സംസാരിച്ച ഘട്ടത്തിൽ ഈ വിഷയം പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ടൂറിസം മേഖലയിൽ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ വിദേശ വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയൂർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സിസ്റ്റം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയൂർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ, ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേയ്ക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഗുണനിലവാരമുള്ള ആയൂർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മന്ദീഭവിച്ചുപോയ കേരളത്തിന്റെ ടൂറിസം മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ആത്മാർത്ഥമായ

പരിശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. എല്ലാ ക്രൈസിസിലും ഒരു ഓപ്പർച്യൂണിറ്റിയുണ്ട്. അത് നമ്മൾ കാണാറുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും നമുക്ക് ധാരാളം അവസരങ്ങൾ കൈവരുന്നുവെന്നുള്ളതാണ് വസ്തുത. കോവിഡിന്റെ പശ്ചാത്തലത്തിൽ കൂടുതൽ റിസിലിയന്റും സുസ്ഥിരവും സുരക്ഷിതവുമായിട്ടുള്ള ടൂറിസം പദ്ധതികളെക്കുറിച്ച് നാം ആലോചിക്കേണ്ടിയിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനം 'സീറോ കാർബൺ എമിഷൻ' മുന്നിൽ കണ്ടുകൊണ്ടുള്ള ഇക്കോഫ്രണ്ട്ലിയായ ടൂറിസം പദ്ധതികളാണ്. അത്തരം പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട്, ഇപ്പോൾ 'ഗ്ലാസ്കോ ഉച്ചകോടി'യൊക്കെ നടക്കാനിരിക്കുന്ന അവസരത്തിൽ നമ്മളും അതിൽ പങ്കാളികളായിക്കൊണ്ട് ഏറ്റവും സുസ്ഥിരമായിട്ടുള്ള, ദീർഘകാലം നിലനിൽക്കുന്ന, താൽക്കാലികമായി ഡൊമസ്റ്റിക് ടൂറിസ്റ്റിനെ ആകർഷിക്കാൻ ശ്രമിക്കുകയും കോവിഡിന്റെ ബുദ്ധിമുട്ടുകൾ കുറയുമ്പോൾ അത് ഇന്റർനാഷണൽ ടൂറിസ്റ്റുകളെയടക്കം ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ വളരെ സുസ്ഥിരമായ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ അങ്ങ് മുൻകയ്യെടുക്കുന്നുണ്ട്. അത് കൂടുതൽ ഊർജ്ജിതപ്പെടുത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്. കേരളത്തിലെ ടൂറിസം മേഖലയിൽ മാറ്റങ്ങൾ വരുത്താൻ സാധ്യതയുള്ളതാണ്. മറ്റ് വകുപ്പുകളുമായി ആലോചിച്ച് ചെയ്യേണ്ട ചില കാര്യങ്ങൾ ഇതിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഹൈഡൽ ടൂറിസത്തിന്റെ സാധ്യതകൾ സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അതുപോലെതന്നെ ഈ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് ഒരു ചർച്ച കൂടി നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇടപെട്ട് പരിഹരിക്കണം. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞത് വളരെ ശരിയാണ്. ടൂറിസ്റ്റ് വിസ പ്രാബല്യത്തിൽ വന്നുവെന്ന് പറയാറാകാത്തതുകൊണ്ടുതന്നെ നിലവിൽ വിദേശസഞ്ചാരികൾ പൂർണ്ണമായി എത്തിപ്പെടുന്നതിന് പ്രശ്നങ്ങളുണ്ടെന്ന് നമുക്കറിയാം. ഇപ്പോൾ ചാർട്ടർ ടൂറിസത്തിനാണ് കൂടുതൽ പ്രാമുഖ്യമുള്ളത്. ഉണ്ടായിരുന്ന സാഹചര്യം മാറി ഈ മാസത്തോടെ കൂടുതൽ ടൂറിസ്റ്റുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദേശമാർക്കറ്റുകളിലെ ഇടപെടലുകളിലൂടെയാണ് വിനോദസഞ്ചാരികളെ ആകർഷിക്കാറുള്ളത്. അത് ശക്തമായിത്തന്നെ

തുടരാനാണ് ആലോചിക്കുന്നത്. പൊതുവെ, ഈ പറഞ്ഞതുപോലെ ഒരു ഭാഗത്ത് ആഭ്യന്തര ടൂറിസം, അതിന്റെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ജോയിന്റ് പ്ലാറ്റ്ഫോമിൽ ചില കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. അത് ഉടൻതന്നെ അനൗൺസ് ചെയ്യണമെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പറഞ്ഞിട്ടുള്ളത്. അത് അദ്ദേഹം വന്നതിനുശേഷം ഒരുമിച്ച് പറയാവുന്നതാണ്. പല ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും നിലവിൽ ടൂറിസം മേഖലയ്ക്ക് വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന രീതിയിലേയ്ക്കായിരിക്കും യോജിച്ചുള്ള ആ തീരുമാനമെടുക്കുന്നത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ പ്രദേശം അതിമനോഹരമായ ഭൂപ്രദേശമാണ്. അവിടത്തെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ബയോസ്റ്റഡി സെന്ററായി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ ഒരു ഇക്കോടൂറിസം പദ്ധതി ആരംഭിക്കുമോ; അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ടിട്ടുണ്ട്. ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുമോ; അതിന്റെ ഭാഗമായി

ഗവൺമെന്റ് മാത്രമല്ല, സ്വകാര്യ മേഖലയിൽ ധാരാളം നിക്ഷേപകർ ഈ ടൂറിസം മേഖലയിൽ ഇടപെടാൻ ആഗ്രഹിക്കുന്നുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണത്തിനു വിധേയമായി നമ്മുടെ ഗൈഡ്‌ലൈനുകളുടെ അകത്തുനിന്നുകൊണ്ട് അത്തരം നിക്ഷേപ പദ്ധതികൾകൂടി പ്രോത്സാഹിപ്പിച്ചാൽ വലിയതോതിൽ ഈ ടൂറിസം പദ്ധതികളെ കൊണ്ടുവരാൻ സാധിക്കും. പഴശ്ശി ഇക്കോടൂറിസം ബയോസ്റ്റഡി സെന്റർ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അത് വളരെ സാധ്യതയുള്ള ഒരു ഡെസ്റ്റിനേഷനാണ്. അതിന് ചരിത്രപരമായ പ്രത്യേകതകളും മറ്റ് ചില പ്രത്യേകതകളുമുണ്ട്. തീർച്ചയായും ആ നിലയിൽ തന്നെയാണ് ടൂറിസം വകുപ്പ് ഈ വിഷയത്തെ ഏറ്റെടുത്തിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച നടത്തിക്കഴിഞ്ഞു. ബാക്കി കാര്യങ്ങൾ തുടർന്നും ചെയ്യാം. ഈയൊരു വികസനത്തിന്റെ എല്ലാ സാധ്യതകളെയും പരിപൂർണ്ണമായി ടൂറിസം വകുപ്പ് പിന്തുണച്ച് മുന്നോട്ടുപോകുന്നുവെന്നതാണ് അറിയിക്കാനുള്ളത്.

<u>ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. സി. കെ.</u>

ഹരീന്ദ്രൻ: സർ, ടൂറിസം ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം വളരെ വലുതാണ്. കേരളത്തിന്റെ സാമ്പത്തിക വരുമാനത്തിൽ ടൂറിസം മേഖല നൽകുന്ന സംഭാവനയും വിദേശ ടൂറിസ്റ്റുകൾ കേരളത്തിനായി നൽകുന്ന സംഭാവനയും വളരെ വലുതാണ്. എന്റെ ചോദ്യം, നെയ്യാർ ഡാം തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടെ ബോട്ട് സർവ്വീസുകൾ പുനഃരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഒരു ബോട്ട് സർവ്വീസിന്റെ ആവശ്യവുമുണ്ട്. മുഖ്യമന്ത്രിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്ന പദ്ധതിയായ കാപ്പുകാട് ആനവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലമായി നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ ഇതിന് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പ്രത്യേകം പരിഗണിക്കാവുന്ന പ്രശ്നമാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ അതിലുണ്ട്. അതുൾപ്പെടെ ആലോചിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ

ആകർഷണങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വള്ളംകളികൾ കോവിഡ് മൂലം നിലച്ചിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടും കളിക്കാർക്ക് വാക്സിനേഷൻ ഉറപ്പുവരുത്തിക്കൊണ്ടും ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെയുള്ള വള്ളംകളികൾ പുനഃരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പ്രശ്നം നേരത്തെ തന്നെ അഡ്രസ്സ് ചെയ്തതാണ്. തിരുവനന്തപുരത്തുവച്ച് ഇതിന്റെ ഒരു മീറ്റിംഗ് വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ-മാർ, ടൂറിസം ഡയറക്ടർ, ടൂറിസം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആലപ്പുഴ ജില്ലാ കളക്ടർ, എന്നിവർ പങ്കെടുത്തു. കളക്ടർ ചെയർമാനായിട്ടുള്ള ഡെപ്യൂട്ടി കളക്ടർ കൺവീൻ ചെയ്യുന്ന സ്ഥിരം കമ്മിറ്റിയുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി അത് നടത്താൻ കഴിയാത്ത ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ സാഹചര്യങ്ങൾ മാറിവരുന്ന സ്ഥിതിയിൽ ഇത് നടത്തണമെന്നുള്ളതാണ് ടൂറിസം വകുപ്പിന്റെ അഭിപ്രായം. അതിന്റെ ഭാഗമായാണ് യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് എങ്ങനെ നടത്താൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി ആലോചിക്കുകയും നടത്തണമെന്നുള്ള

തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളും മറ്റുള്ളവരുംകൂടി ചേർന്ന് എടുക്കേണ്ട പ്രശ്നമാണ്. എന്തായാലും അത് നമുക്ക് പുനരാരംഭിക്കേണ്ടതുണ്ട്. ആലപ്പുഴയിലെ വള്ളംകളി പുനഃരാരംഭിക്കുന്നത് കേരളത്തിലെ ടൂറിസത്തിന് വലിയ കരുത്തായിരിക്കും.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, കാരവൻ ടൂറിസം പദ്ധതി ഏത് ഘട്ടത്തിലെത്തി; കാരവൻ പാർക്കുകളെ എങ്ങനെയാണ് നിർമ്മിക്കുന്നത്; സർക്കാർ നിശ്ചയിച്ച റിവോൾവിംഗ് ഫണ്ട് എപ്പോൾ ലഭിക്കും; ടൂറിസം വകുപ്പിന്റെ നവീകരിച്ച മൊബൈൽ ആപ്പ് നമ്മുടെ ഡെസ്റ്റിനേഷനുകളെ കണ്ടെത്താൻ എങ്ങനെയാണ് സഹായിക്കുന്നത്?

മി. സ്പീക്കർ: ഒരു ഉപചോദ്യമാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങളാണ് ചോദിച്ചത്. കാരവൻ വളരെ പോസിറ്റീവായാണ് ആളുകൾ എടുത്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇതിനെക്കുറിച്ച് മനസ്സിലാക്കുന്ന സ്ഥിതിയാണുള്ളത്. നിരവധി പേർ കാരവൻ വാഹനംതന്നെ പുറത്തിറക്കാൻ തയ്യാറായിട്ടുണ്ട്. അതിന് സർക്കാർ എന്നുള്ള

നിലയിൽ ചെയ്തുകൊടുക്കാവുന്ന കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഗതാഗത വകുപ്പും വ്യവസായ വകുപ്പും ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി, എല്ലാവരും യോജിച്ച് മുന്നോട്ടുപോകുന്ന സ്ഥിതിയാണ്. കാരവൻ വാഹനങ്ങളെപ്പോലെ തന്നെ കാരവൻ പാർക്കിന്റെ കാര്യത്തിൽ, ചില എം.എൽ.എ-മാർതന്നെ സ്വന്തം മണ്ഡലത്തിൽ കാരവൻ പാർക്ക് കൊണ്ടുവരാൻ തയ്യാറാണെന്ന് പറഞ്ഞിട്ടുണ്ട്. അതല്ലാതെ മറ്റ് പലരും വന്നിട്ടുണ്ട്. പല ഗ്രാമങ്ങളിലും, ഇപ്പോൾ വിദേശത്തുള്ളവർ അവരുടെ ഗ്രാമത്തിന്റെ അനന്ത സാധ്യത, അൺ എക്സ്പ്ലോഡ് ഡെസ്റ്റിനേഷനെ ഉയർത്തിക്കൊണ്ടുവരാൻ ഞങ്ങളുടെ വക ഒരു കാരവൻ പാർക്ക് എന്നൊരു കാഴ്ചപ്പാടും മുന്നോട്ടുവയ്ക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാരവൻ പാർക്കുകൾ നാളെ കേരളത്തിലെ കൾച്ചറൽ ഹബ്ബുകളായി മാറും. കാരവൻ വാഹനങ്ങൾ വന്നിട്ടില്ലെങ്കിൽപ്പോലും കൾച്ചറൽ ഹബ്ബുകൾ നാടൻ കലകൾ പ്രദർശിപ്പിക്കുന്ന നിലയിലേയ്ക്ക് മാറും. നിരവധിപേർക്ക് തൊഴിൽ നൽകുന്ന സംവിധാനമായി കാരവൻ പാർക്കുകൾ മാറും. കാരവൻ വാഹനം വരുമ്പോൾ ആ വാഹനത്തിലേയ്ക്ക് വേണ്ട ഭക്ഷണം, വെള്ളം, മറ്റ് ആവശ്യങ്ങൾ, അതിന്റെ ശുചിത്വം ഉറപ്പുവരുത്തൽ എന്നിവയ്ക്കുവേണ്ടി ആ പ്രദേശത്തെ കുറച്ചുപേർക്ക്

തൊഴിൽ നൽകാനാകും. ആ നിലയിൽ കാരവൻ പാർക്കിന്റെ പ്രവൃത്തി മുന്നോട്ടുപോകുന്നു. 2022-ഓടുകൂടി ഇത് നല്ലനിലയിൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. മറ്റ് ചില കാര്യങ്ങൾ ആപ്പുമായി ബന്ധപ്പെട്ടതാണ്. അതുപോലെ റിവോൾവിംഗ് ഫണ്ടിന്റെ പ്രഖ്യാപനം നടത്തിയതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളും നടത്തിവരുന്നു. ആപ്പ് നല്ലരീതിയിൽ പോകുന്നു. കേരളത്തിലെ അൺഎക്സ്പ്ലോഡ് ഡെസ്റ്റിനേഷനുകളെ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കാൻ ആപ്പിലൂടെ സാധിക്കുമെന്നുള്ളതുതന്നെയാണ് ഒരു യാഥാർത്ഥ്യം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, Every inch of Kerala is a tourist destination. ലോകത്തെമ്പാടും പോകുമ്പോൾ നമുക്കത് കാണാൻ കഴിയും. കേരളത്തിന്റെ ഓരോ പ്രദേശത്തെയും താരതമ്യപ്പെടുത്തുമ്പോൾ we are far ahead. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഈ കോവിഡിന്റെ പശ്ചാത്തലം മാറി ടൂറിസ്റ്റ് വിസകൾ അനുവദിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ ടൂറിസ്റ്റ് സാധ്യതകളെപ്പറ്റി ശരിയായ പഠനം നടത്തുകയും ഫലപ്രദമായി ടൂറിസ്റ്റുകൾ വരാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ദീർഘകാല പദ്ധതികളാണ് അതിന് ഏറ്റവും

അനിവാര്യമായിട്ടുള്ളത്. അതുപോലെ നമുക്ക് മലനിരകൾ, കായലുകൾ, കടൽത്തീരങ്ങൾ എന്നിവയുണ്ട്. ഒരുപക്ഷെ, ഒരിടത്തും ഇത്രയേറെ സാഹചര്യങ്ങളുണ്ടാകാറില്ല. അത് പഠിച്ചുകൊണ്ട് സമഗ്രമായ നിലയിൽ ടൂറിസം വികസനത്തിനുള്ള പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ ശരിയായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. Every inch has a destination in kerala. അതുപോലെതന്നെ കേരളത്തെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്റ്റേറ്റ് ആക്കി മാറ്റാം. അതിന്റെ സാധ്യതകളുണ്ട്. പല മേഖലകളുണ്ട്, വിവിധ വകുപ്പുകളിലും ടൂറിസത്തിന്റെ സാധ്യതകളുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വെൽനസ് ടൂറിസത്തിന്റെയും കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഫാം ടൂറിസത്തിന്റെയും വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ഹൈഡൽ ടൂറിസത്തിന്റെയും വനം വകുപ്പുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ടൂറിസത്തിന്റെയും സ്പോർട്ട്സ് വകുപ്പുമായി ബന്ധപ്പെട്ട് അഡ്വഞ്ചർ ടൂറിസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി അതിന്റെ സാധ്യതകൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. ഞാൻ ഓരോ വകുപ്പുകളുടെയും

പേരെടുത്ത് പറയുന്നില്ല. ഇതൊക്കെവച്ചുകൊണ്ട് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ മൊത്തത്തിൽ ഒരു പദ്ധതി എന്നുള്ള നിലയിൽ ഒരു ഫോക്കസിംഗ് തന്നെയാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്. അത് ആ നിലയിൽത്തന്നെ പറഞ്ഞ് മുന്നോട്ട് പോകാവുന്നതാണ്. അതിനുള്ള തയ്യാറെടുപ്പുകളാണ് എടുത്തുകൊണ്ടിരിക്കുന്നത്. കോവിഡിന്റെ സാഹചര്യം പരിപൂർണ്ണമായി മാറുന്നതിന്റെ തൊട്ടടുത്ത ദിവസമല്ല എന്തുചെയ്യണമെന്ന് ചർച്ച ചെയ്യുന്നത്, അത് നേരത്തെതന്നെ ചർച്ച ചെയ്ത് ആ ദിവസത്തിനുവേണ്ടി കാത്തിരിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഇതിനുമുമ്പുള്ള ചോദ്യത്തിന്റെ ഉപചോദ്യത്തിനാണ് ആവശ്യപ്പെട്ടത്. ഇതും വളരെ പ്രധാനപ്പെട്ട ഒരു ചോദ്യംതന്നെയാണ്. തമിഴ്നാട്ടിൽനിന്നും മറ്റ് സ്ഥലങ്ങളിൽനിന്നും പൊന്നാനി, ഗുരുവായൂർക്ഷേത്രം എന്നീ സ്ഥലങ്ങളിലേയ്ക്കൊക്കെ യാത്ര ചെയ്യുന്നതിന്റെ ഭാഗമായി പാലക്കാട് വഴിയും പട്ടാമ്പി വഴിയും പോകാറുണ്ട്. കിഫ്ബിയിലുള്ള പട്ടാമ്പി-കുളപ്പുള്ളി റോഡ് വളരെയേറെ തകർന്ന് കിടക്കുകയാണ്. ആ റോഡ് അടിയന്തരമായി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; അത് ടൂറിസത്തിന് വലിയ സാധ്യതയുണ്ടാക്കും.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കണക്ടിവിറ്റി ഒരു പ്രധാന പ്രശ്നമാണ്. ടൂറിസം മേഖലയിലെ റോഡുകൾ നല്ലനിലയിൽ പോകുന്നതിന് ടൂറിസം വകുപ്പ് തീർച്ചയായും പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കാവുന്നതാണ്. ശബരിമല പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഒരു യോഗം വിളിച്ചു, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യോഗം വിളിച്ചിരുന്നു. ഗുരുവായൂർ ഒരു പ്രധാന വിഷയമാണ്. പിൽഗ്രിം ടൂറിസത്തിന്റെ സാധ്യതകൾ, മറ്റ് ടൂറിസത്തിന്റെ സാധ്യതകൾ, ടി സ്ഥലങ്ങളിലേയ്ക്കുള്ള റോഡ് ഒരു പ്രധാന പ്രശ്നമാണ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രശ്നമായിട്ടല്ല ഈ ചോദ്യത്തെ ഞാൻ കാണുന്നത്. ടൂറിസം മേഖല നേരിടുന്ന കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട അഡ്രസ്സ് ചെയ്യപ്പെടേണ്ട പ്രശ്നമെന്നുള്ള നിലയിൽ മറ്റ് വകുപ്പുമായി ചർച്ച ചെയ്ത് അത് എങ്ങനെ പരിഹരിക്കാനാകുമെന്നുള്ള കാര്യം ആലോചിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. പക്ഷേ വകുപ്പ് മാറിപ്പോയെന്ന് മാത്രമേയുള്ളൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഗ്രാമീണ ടൂറിസത്തിന്റെ പ്രാധാന്യത്തെ

സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ച് പറയുന്നുണ്ട്. അതിന് കൂടുതൽ പ്രാധാന്യം നൽകേണ്ടത് ആവശ്യമാണ്. ഓരോ പ്രദേശത്തെയും സാധ്യതകളെ സംബന്ധിച്ച ഒരു ഏകദേശ റിപ്പോർട്ട് കുറച്ച് കാലങ്ങളായി വകുപ്പിന്റെ കൈവശമുണ്ട്. അതിന് ഫണ്ടിന്റെ അപര്യാപ്തത ഉണ്ടോ; പിറവം നിയോജകമണ്ഡലത്തിൽ വിവിധ സ്കീമുകൾ അങ്ങും അങ്ങയുടെ മുൻഗാമി മന്ത്രിയായിരുന്നപ്പോഴും നൽകിയിട്ടുണ്ട്. എന്നാൽ അതിന് തുടർനടപടികൾ ഉണ്ടായിട്ടില്ല. അതുസംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. ഞാൻ മാത്രമല്ല ഓരോ എം.എൽ.എ.-മാരും അവരവരുടെ പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനായുള്ള നിവേദനം നൽകിയിട്ടുണ്ട്. ഗ്രാമീണ ടൂറിസം മേഖലകളുടെ വികസനത്തിന് ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കി അതിനുള്ള നടപടികൾ വേഗത്തിലാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് അഡ്രസ്സ് ചെയ്ത് പരിഹരിക്കപ്പെടേണ്ട വിഷയമാണ്. കേരളത്തിൽ അൺഎക്സ്പ്ലോഡഡ് ഡെസ്റ്റിനേഷനുകൾ നിരവധിയാണെന്ന് നമുക്കറിയാം. അത് ലോൺലി പ്ലാനറ്റ് പരസ്യപ്പെടുത്തിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി മൂന്ന് റൗണ്ട് ചർച്ച നടത്തിയിട്ടുണ്ട്. നിലവിൽ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടൂറിസം ഡെസ്റ്റിനേഷനുവേണ്ടി പണം നേരിട്ട് ചെലവഴിക്കാനാകാത്ത പ്രശ്നമുണ്ട്. അത് പരിഹരിക്കുന്നതിന് അൺ എക്സ്പ്ലോഡഡ് ഡെസ്റ്റിനേഷനുകൾ ഒരു നിശ്ചിത ശതമാനം തദ്ദേശ സ്വയംഭരണ വകുപ്പും നിശ്ചിത ശതമാനം ടൂറിസം വകുപ്പും ഏറ്റെടുത്ത് പോകുന്ന സ്ഥിതിയുണ്ടാകണം. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു അൺഎക്സ്പ്ലോഡഡ് ഡെസ്റ്റിനേഷൻ ഉയർത്താൻ നിശ്ചയിച്ചാൽ അതിന്റെ ഇത്ര ശതമാനം ത്രിതല പഞ്ചായത്തും ഇത്ര ശതമാനം ടൂറിസം വകുപ്പും എന്ന രീതിയിൽ ഏറ്റെടുത്തുപോയാൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. അപ്പോൾ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് അതിൽ റോളുണ്ട്, ടൂറിസം വകുപ്പിനും റോളുണ്ട്. നാട്ടിലെ സാധാരണ ജനങ്ങൾക്ക് അത് എന്റെ പദ്ധതിയാണെന്നുള്ളതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുനിൽക്കാനാകും. ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. നാടിന്റെ ശുചിത്വം ടൂറിസം വികാസത്തിന് അനിവാര്യമാണ്. അത് തന്റെ ദൈനംദിന ജീവിതത്തിൽ മാറ്റം വരുത്തുമെന്നുള്ള ചിന്താഗതിയുണ്ടാകും. കാര്യങ്ങൾ ക്ലബ് ചെയ്ത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പ് മന്ത്രിയുംകൂടി ചർച്ചചെയ്ത് ഉടൻതന്നെ ഈ

വിഷയം നല്ല നിലയിൽ പരിഹരിച്ചുപോകണം. അങ്ങനെവരുമ്പോൾ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ 500 അൺഎക്സ്പ്ലോഡഡ് ഡെസ്റ്റിനേഷനെങ്കിലും എക്സ്പ്ലോർ ചെയ്യാൻ സാധിക്കുമെന്നുള്ളതാണ് ഇപ്പോഴത്തെ കാഴ്ചപ്പാട് എന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. വി. അൻവർ: സർ, ടൂറിസവുമായി ബന്ധപ്പെട്ട് നിലമ്പൂരിൽ കഴിഞ്ഞ തവണ ഒട്ടനവധി പ്രോജക്ടുകൾ കൊടുത്തതാണ്. എന്നാൽ കോവിഡും പ്രളയങ്ങളുമൊക്കെ അതിന് തടസ്സമായി. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വിനീതമായി അപേക്ഷിക്കാനുള്ളത്, നിലമ്പൂരിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന് പിന്നിലായി കുറച്ച് സ്ഥലം കാടുമൂടി കിടക്കുകയാണ്. അവിടെ കുട്ടികൾക്കായി ഒരു കിഡ്സ് പാർക്കും യാത്രക്കാർക്ക് പെയ്ഡ് അമിനിറ്റി സെന്ററും - ഒരു പ്രോജക്ട് കൊടുത്തിരുന്നു. അത് അനുവദിക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 153 പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ കേരളത്തിലുണ്ട്. അതിൽ 1161 മുറികളുണ്ട്. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ ഒന്നാമതായി ശുചിത്വം ഉറപ്പ് വരുത്തണം. റസ്റ്റ് ഹൗസിന്റെ

പരിസരം വൃത്തിയാക്കണം. പല പരിസരങ്ങളും വൃത്തിഹീനമാണെന്ന് മാത്രമല്ല ഗുരുതരമായ ചില വിഷയങ്ങൾ പല എം.എൽ.എ.-മാരും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അത് അടിയന്തരമായി പരിഹരിക്കണം. ആദ്യം പരിസരം വൃത്തിയാക്കുന്ന നിലപാടെടുക്കാം. കാട് വെട്ടിത്തെളിച്ചതിനുശേഷം എന്ത് ചെയ്യാൻ സാധിക്കുമെന്ന് എം.എൽ.എ.-മാർ ഉൾപ്പെടെ വച്ചിട്ടുള്ള നിർദ്ദേശം വച്ചുകൊണ്ട് കൂട്ടായി ചർച്ച ചെയ്യാം. നേരത്തെ ഞാൻ പറഞ്ഞ ഒരു കാര്യത്തിൽ ഒന്നുരണ്ട് സംശയങ്ങളുണ്ടായിരുന്നു. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലുള്ള റസ്റ്റ് ഹൗസുകളെ വേറിട്ടുതന്നെ എടുത്തുകൊണ്ട് comfort station ആക്കി മാറ്റാം. അതിന് റസ്റ്റ്ഹൗസുമായി ബന്ധമില്ല. ദീർഘദൂര യാത്രക്കാർക്ക് അല്ലെങ്കിൽ പ്രധാന കേന്ദ്രങ്ങളിലൂടെ പോകുന്നവർക്ക് ഒരു Comfort station ആയി, സ്ത്രീകൾക്കും കുട്ടികൾക്കുമൊക്കെ സൗകര്യമൊരുക്കാൻ സാധിക്കും. അല്ലാതെ റസ്റ്റ് ഹൗസിനുള്ളിലല്ല Comfort Station. അങ്ങനെ ചെയ്യുന്നതിന് ഓരോ റസ്റ്റ്ഹൗസുകളുടെയും സാധ്യതകൾ പരിശോധിക്കാം. തീർച്ചയായും നിലമ്പൂരിലേത് ഒരു പ്രധാന കേന്ദ്രമാണ്. ആ പരിഗണന വച്ചുകൊണ്ടുതന്നെ

ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടുള്ള ഈ വിഷയം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നുള്ളത് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ടൂറിസ്റ്റുകൾ വരണമെങ്കിൽ നല്ല റോഡുകൾ വേണമെന്ന് ഇവിടെ പറയുകയുണ്ടായി. കോഴിക്കോട്- പാലക്കാട് റോഡിന്റെ എല്ലാ ഭാഗവും നവീകരിച്ചപ്പോൾ കൊണ്ടോട്ടി ടൗണിലെ 1700 മീറ്റർ നവീകരിക്കാതെ കിടക്കുകയാണ്. ഇപ്പോൾ അവിടെ വലിയ കുഴികളായി, വലിയ ഗർത്തങ്ങളായി ആരും അതുവഴി യാത്ര ചെയ്യാൻ മടിക്കുന്ന സ്ഥിതിയാണ്.

മി. സ്പീക്കർ: ചോദ്യം വ്യക്തമാക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു പ്രൊപ്പോസൽ എൻ.എച്ച്. വിഭാഗം എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ടെന്ന് പറഞ്ഞു. അതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിൽ നേരത്തെ ശ്രീ. മുഹമ്മദ് മുഹസിൻ ചോദിച്ചതുപോലെ ടൂറിസമെന്നുള്ള ഒരു വാക്കെങ്കിലും വന്നിരുന്നെങ്കിൽ എനിക്ക് ഇപ്പോൾ മറുപടി പറയാമായിരുന്നു. അത് വരാത്തതുകൊണ്ട് മറുപടി പറയുന്നതിൽ പ്രയാസമുണ്ട്. ഒരു കാര്യം ഞാൻ

പറയാം. കൊണ്ടോട്ടി ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്, എയർപോർട്ടിനോട് ചേർന്നുകിടക്കുന്നതാണ്. കൊണ്ടോട്ടിയിലെ ഒരു റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമെന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, രാജ്യാന്തര ടൂറിസ്റ്റുകളെ ആകർഷിക്കണമെങ്കിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഇവർക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുക എന്നുള്ളതാണ്.

<u>മി. സ്പീക്കർ</u>: ചോദ്യം ചുരുക്കി ചോദിക്കൂ.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന സമയം ഇത്തരമൊരു ടീമുമായി സംസാരിച്ചപ്പോൾ അവർ പറഞ്ഞൊരു കാര്യം മികച്ച താമസ സൗകര്യങ്ങളാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതെന്നാണ്. കേരളത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നം ആ അർത്ഥത്തിലുള്ള താമസ സൗകര്യങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഇല്ലെന്നുള്ളതാണ്. ഇത് ഒരുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നത് ഈ മേഖലയെ മെച്ചപ്പെടുത്താൻ സഹായിക്കും. അങ്ങനെ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നല്ല താമസ സൗകര്യങ്ങൾ ഇല്ലാത്തതാണ് പല സഞ്ചാരികളും സംസ്ഥാനത്ത് വരുന്നതിന് തടസ്സമായി നിൽക്കുന്നത്. അക്കോമഡേഷൻ ഒരു പ്രധാന പ്രശ്നമാണ്. അതിന്റെ ഭാഗമായാണ് കാരവൻ ടൂറിസം പോളിസി തന്നെ വന്നിട്ടുള്ളത്. അതോടൊപ്പം ഇതൊരു പ്രധാന പ്രശ്നമാണ് അത് പരിഹരിക്കണം. ഇപ്പോൾ എയർപോർട്ടുകൾ കേന്ദ്രീകരിച്ചുകൊണ്ട് പാക്കേജുകൾ, ഡൽഹിയിൽ പോയപ്പോൾ ഒരു ചർച്ച നടത്തി, തിരുവനന്തപുരം എയർപോർട്ട്, നെടുമ്പാശ്ശേരി എയർപോർട്ട്, കോഴിക്കോട് എയർപോർട്ട് കണ്ണൂർ എയർപോർട്ട്, ഡൽഹിയിൽനിന്ന് തിരുവനന്തപുരം എയർപോർട്ടിൽ ഇറങ്ങിക്കഴിഞ്ഞാൽ ഒരാഴ്ചത്തെ പാക്കേജ് കഴിഞ്ഞ് തിരിച്ച് നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്നും വിമാനം കയറി ഡൽഹിക്കുപോകുന്ന പാക്കേജുകളെപ്പറ്റിയും ആലോചിക്കുന്നുണ്ട്. അങ്ങനെ പൊതുവെ ഈ പറഞ്ഞ അക്കോമഡേഷൻ ഒരു പ്രധാന വിഷയമായതുകൊണ്ടുതന്നെ കെ.റ്റി.ഡി.സി. ഉൾപ്പെടെയുള്ള സംവിധാനങ്ങളെവച്ചുകൊണ്ട് പരിഹരിച്ചുപോകാൻ ആലോചിക്കുന്നു. ഇപ്പോൾ കണ്ണൂരിൽ രണ്ടുദിവസം മുമ്പാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഫൈവ് സ്റ്റാർ

റിസോർട്ട് സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. അക്കോമഡേഷൻ ടൂറിസത്തിന്റെ വികാസത്തിന് അനിവാര്യമാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ഘട്ടംഘട്ടമായി പരിഹരിച്ചു പോകേണ്ടതുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരിയിൽ ടൂറിസവുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ട്. ചെത്തിപ്പുഴ കടവ് ടൂറിസം പദ്ധതി, മനക്കച്ചിറ ടൂറിസം പദ്ധതി എന്നിവ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. മാണി സി. കാപ്പൻ: സർ, പാല നിയോജക മണ്ഡലത്തിലെ രണ്ട് ടൂറിസ്റ്റ് സെന്ററുകളായ മേലുകാവ് പഞ്ചായത്തിലെ ഇലവീഴാപൂഞ്ചിറയിലും തലനാട് പഞ്ചായത്തിലെ മീനച്ചലാറിന്റെ ഉത്ഭവസ്ഥലമായ ഇല്ലിക്കൽ കല്ലിലും കെ.ടി.ഡി.സി.-യുടെ ഓരോ ഹോട്ടൽ സമുച്ചയങ്ങൾ പണിയാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുസംബന്ധിച്ച് പരിശോധിക്കാം.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യത്തിനും ശുചിത്വത്തിനും വിഘാതം നിൽക്കുന്നത് അതിന്റെ സമീപപ്രദേശങ്ങളിലെ അനധികൃത കച്ചവടക്കാരുടെ തള്ളിക്കയറ്റമാണ്. ഇത് പല ഡെസ്റ്റിനേഷനുകളിലേയ്ക്കുമുള്ള ജനങ്ങളുടെ വരവിനെപ്പോലും പ്രതികൂലമായി ബാധിക്കുന്നു. ടൂറിസം ഡിപ്പാർട്ടുമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നവീകരിച്ച ഒരു സംരംഭമാണ് ചമ്രവട്ടം പുഴയോര സ്നേഹപാത. പക്ഷെ അവിടെ ടാർപോളിൻ ഷീറ്റുകൾ കെട്ടിപ്പൊക്കി കച്ചവടം നടത്തുന്ന നിരവധി അനധികൃത കച്ചവടക്കാരുണ്ട്. അവരെ ഒഴിപ്പിക്കാതെ ടി ടൂറിസം ഡെസ്റ്റിനേഷൻ വിപുലപ്പെടുത്താൻ സാധിക്കില്ല. അതോടൊപ്പം, ലൈസൻസുള്ള വഴിയോര കച്ചവടക്കാർക്ക് ബങ്കുകൾ നിർമ്മിച്ചുനൽകി അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഡി.ടി.പി.സി. മുൻകയ്യെടുക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ പ്രത്യേക വിഷയം എന്താണെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കാം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, നവംബർ 15 മുതൽ 5 ലക്ഷം ടൂറിസ്റ്റ് വിസ വിദേശികൾക്ക് സൗജന്യമായി നൽകുമെന്ന് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയുമായി ധാരണയുള്ള

രാജ്യങ്ങൾക്ക് ഇവിടെ വന്നാൽ ഹോം ക്വാറന്റൈനും മറ്റ് പരിശോധനകളും ഒഴിവാക്കാൻ ഇന്ത്യാ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ സ്വീകരിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. രണ്ട് വാക്സിനെടുത്തുവന്ന വിദേശ ടൂറിസ്റ്റുകൾക്ക് 72 മണിക്കൂർ മുമ്പുള്ള ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് വേണമെന്നാണ് കേരളത്തിലെ വ്യവസ്ഥ. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പുനരാലോചനയ്ക്ക് ഗവൺമെന്റ് തയ്യാറാണോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമാണ്. അവരുമായി ഇക്കാര്യം ആലോചിക്കേണ്ടതുണ്ട്. വിനോദസഞ്ചാര മേഖലയിൽ വിദേശ സഞ്ചാരികൾ കടന്നുവരാനുള്ള എല്ലാ ശ്രമവും ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. വെൽകമിംഗ് നേച്ചറിൽതന്നെ ആളുകളെ സ്വീകരിക്കാനും ആ നിലയിൽതന്നെ അവരെ കൊണ്ടുപോകാനുമുള്ള ആലോചനയാണ് നടക്കുന്നത്. ഈ വിഷയങ്ങളൊക്കെ പരിഹരിച്ചാൽ ഭാവിയിൽ ടൂറിസം പോലീസിംഗ് ഉൾപ്പെടെ കേരളത്തിലെ എല്ലാ കലാലയങ്ങളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് വിദേശ വിനോദസഞ്ചാരികളെ കൊണ്ടുവരാനുള്ള

പദ്ധതികളുൾപ്പെടെ ആലോചിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ആലോചിച്ച് പോസിറ്റീവായിത്തന്നെ ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലോക ടൂറിസം ഭൂപടത്തിൽ ഇടംപിടിച്ച സ്ഥലമാണ് ഗവി. വിദേശ ടൂറിസ്റ്റുകളടക്കം നിരവധിപേർ ഇവിടേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ നടപ്പിലാക്കുന്ന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അങ്ങ് ഇടപെടുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഗവി ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ്. ഇത്തവശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരിയിൽ ടൂറിസവുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ട്. ചെത്തിപ്പുഴ കടവ് ടൂറിസം പദ്ധതി, മനക്കച്ചിറ ടൂറിസം പദ്ധതി എന്നിവ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?ണ ഡൽഹിയിൽപോയ ഘട്ടത്തിൽ കേന്ദ്രമന്ത്രിയുമായി ഗവിയിലെ ടൂറിസം സാധ്യതയെക്കുറിച്ച് പ്രത്യേകം സൂചിപ്പിച്ചിരുന്നു. വളരെ നല്ലനിലയിൽ ടൂറിസം വികസിപ്പിച്ചെടുക്കാവുന്ന ഒരു ഡെസ്റ്റിനേഷനാണിത്. ഗവിയുടെ വികാസത്തിനുവേണ്ടി ആ നിലയിൽത്തന്നെ മുന്നോട്ടുപോകാം.

തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ്

(*393) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയവും സാമ്പത്തിക മാന്ദ്യവും പ്രതികൂലമായി ബാധിച്ച തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുംവേണ്ടി സംസ്ഥാന ഗവൺമെന്റ് പ്ലാന്റേഷൻ നയം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തോട്ടം മേഖലയുടെ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മേഖലകളിലെ തൊഴിലാളികൾക്കുവേണ്ടി നടത്തിയിരുന്ന ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ സേവന, വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സഹായ ധനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാർ സമഗ്രമായ ഒരു പ്ലാന്റേഷൻ നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തോട്ടം മേഖലയുടെ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ, കോവിഡ്-19-ന്റെ ഒന്നും രണ്ടും ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ കാലത്ത് പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലെയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെയും തൊഴിലാളികൾക്കും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കും 1,000/- രൂപ വീതം രണ്ട് ഘട്ടമായി സംസ്ഥാന സർക്കാർ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകൾ തോട്ടം തൊഴിലാളികൾക്കുവേണ്ടി നടത്തുന്ന ചികിത്സാ കേന്ദ്രങ്ങൾ (ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഡിസ്പെൻസറി) നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ സേവന-വേതന കരാർ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും അടിസ്ഥാന വേതനത്തിൽ 52/- രൂപയുടെ വർദ്ധനവ് വരുത്തുകയും ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിവിധ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും പഠനോപകരണങ്ങളും വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപയും പെൺമക്കൾക്ക് വിവാഹ ധനസഹായമായി 10,000/- രൂപയും ചികിൽസാ ധനസഹായമായി പരമാവധി 30,000/- രൂപയും

ഭാഗികമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് 50,000/- രൂപയും പൂർണ്ണമായും അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് ഒരു ലക്ഷം രൂപയും എന്നിങ്ങനെ വിവിധ ധനസഹായങ്ങൾ നൽകി വരുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, തോട്ടം മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെകൂടി വെളിച്ചത്തിൽ തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്രമായൊരു പാക്കേജ് തയ്യാറാക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പ്രസ്തുത റിപ്പോർട്ട് ലഭിച്ചത്. അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ടി കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുവേണ്ട ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് തോട്ടംമേഖലയിലെ സമഗ്രമായ വികസനവുമായി ബന്ധപ്പെട്ടുള്ളതാണ്. തൊഴിലാളികൾ താമസിക്കുന്ന

ലയങ്ങളെയും അവരുടെ ശമ്പളത്തെയും തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളെയും സംബന്ധിച്ച് അതിലുണ്ട്. ഏറ്റവും പഴക്കംചെന്ന ഒരു മേഖലയെന്ന നിലയിൽ ഒരു പുനരുദ്ധാരണ പാക്കേജ് കൊടുക്കുന്നതുസംബന്ധിച്ച കാര്യങ്ങൾ അതിലുണ്ട്. ഇത്തരം കാര്യങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ സംഘടനകളുമായും ക്ഷേമനിധി ബോർഡുകളുമായും സംയുക്തമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ ഘട്ടംഘട്ടംമായി സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, തോട്ടം മേഖലയിലുള്ളവരുടെ ചികിത്സ ഒരു പ്രശ്നമാണ്. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെകൂടി സഹായമുണ്ടെങ്കിൽ മാത്രമേ അത് ലഭിക്കുകയുള്ളൂ. ഇവരെ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്താൻവേണ്ട എന്തെല്ലാം നടപടികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, പൊതുവേ ഇത്തരം തൊഴിലാളികളെ സഹായിക്കുന്ന ഒരു നിലപാടും കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ലെന്ന കാര്യം നമുക്കറിയാം. രാജ്യത്ത് നിലനിന്നിരുന്ന പത്ത്-അമ്പതോളം

വരുന്ന തൊഴിൽ നിയമങ്ങൾ കേന്ദ്രഗവൺമെന്റ് റദ്ദാക്കി നാല് കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. തൊഴിലാളികൾക്ക് ലഭിക്കേണ്ട നിരവധി ആനുകൂല്യങ്ങളുണ്ട്. ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മുതലാളിയുമായി നടത്തേണ്ട വിലപേശലിന്റെ കാര്യമുണ്ട്, ഇ.എസ്.ഐ. പോലുള്ള ആനുകൂല്യത്തിന്റെ പ്രശ്നമുണ്ട്. അതൊന്നും വേണ്ടത്ര ഗൗവരത്തോടുകൂടി കേന്ദ്രഗവൺമെന്റ് കാണുന്നില്ല. ഇപ്പോൾ പാസ്സാക്കിയിട്ടുള്ള നാല് കോഡുകൾ എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങളെയെല്ലാം നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ നാല് കോഡുകൾ അതേ രൂപത്തിൽതന്നെ നടപ്പിലാക്കിയാൽ തൊഴിൽ മേഖലയിൽ വലിയ പ്രതിസന്ധിയും പ്രത്യാഘാതവുമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ ഇ.എസ്.ഐ. സ്ഥാപനങ്ങൾ പുനർനിർമ്മാണം നടത്തുന്നതിനായി രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പലപ്രാവശ്യം യോഗങ്ങൾ ചേരുകയും ബന്ധപ്പെട്ട കേന്ദ്ര ഉദ്യോഗസ്ഥരുമായും ഇ.എസ്.ഐ.-യുടെ സംസ്ഥാനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുമായും ചർച്ച

നടത്തുകയും ചെയ്ത അവസരത്തിൽ പുതിയതായി ഒരു ആശുപത്രി അനുവദിക്കുന്നതിനോ ജീവനക്കാരെ അനുവദിക്കുന്നതിനോ അല്ലെങ്കിൽ നിലവിലുള്ളതിന്റെ പുനരുദ്ധാരണം നടത്തുന്നതിനോ തയ്യാറായില്ല. എങ്കിലും ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിനെ സമീപിക്കാം. മാത്രമല്ല, നമ്മുടെ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങളും സൂചിപ്പിക്കുന്നുണ്ട്. അവർക്ക് ആവശ്യമായ ചികിത്സാ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്ലാന്റേഷൻ വെൽഫെയർ ബോർഡിന്റെ ഭാഗമായി എന്തുചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് പൊതുവായി ആലോചിക്കാം.

ശ്രീ. പി. എസ്. സുപാൽ: തോട്ടം മേഖലയിലെ ലയങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ആ ലയങ്ങൾ പുതുക്കിപണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ തോട്ടം തൊഴിലാളികൾക്കും വീട് നൽകുമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി

എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, തീർച്ചയായും ഇതുസംബന്ധിച്ച് ബന്ധപ്പെട്ട മാനേജുമെന്റുകളുമായി ചർച്ച നടത്തേണ്ടതുണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കുറ്റിയാർവാലിയിൽ തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പത്ത് തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും ഒൻപത് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനുകീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഭവനം ഫൗണ്ടേഷൻ കേരളയുടെ Own Your Housing Scheme-ൽ നിലവിലുള്ള റീഹാബിലിറ്റേഷൻ

പ്ലാന്റേഷൻ ലിമിറ്റഡിലെ ആർ.പി.എൽ. തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുകയും, അത് അങ്ങയ്ക്ക് താൽപ്പര്യമുള്ളതും നിരവധി പ്രാവശ്യം എന്നോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. അതിന്റെ ആദ്യഘട്ട ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 40 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിൽ ആറ് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)